നമ്പർ:- C6/1502019 /26/HDF

പ്രിൻസിപ്പാളിന്റെ കാര്യാലയം
രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി,
കോട്ടയം തീയതി 05.03.2026

## ക്വൊട്ടേഷൻ നോട്ടീസ്

ക്വൊട്ടേഷൻ നമ്പർ 10/2025-26

ഈ സ്ഥാപനത്തിലെ ന്യൂ ലേഡീസ് ഹോസ്റ്റലിൽ ഒരു മലിനജല സംഭരണി സ്ഥാപിക്കുന്നതിന് പരിചയസമ്പന്നരായ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത കവറുകളിൽ ക്വൊട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വൊട്ടേഷൻ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് ക്വൊട്ടേഷൻ നമ്പരും തീയതിയും, ക്വൊട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര്, മേൽ വിലാസം എന്നിവയും ഓൾഡ് ലേഡീസ് ഹോസ്റ്റലിൽ മലിന ജല സംഭരണി നിർമ്മിക്കുന്നതിനുള്ള ക്വൊട്ടേഷൻ എന്നും രേഖപ്പെടുത്തേണ്ടതാണ്. ക്വൊട്ടേഷൻ സമർപ്പിക്കേണ്ട സമയത്തിനുള്ളിൽ ലഭിക്കാത്തവ നിരസിക്കുന്നതാണ്. ക്വട്ടേഷനിൽ സാധനങ്ങളുടെ വില വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ക്വൊട്ടേഷനിൽ രേഖപ്പെടുത്തുന്ന ആകെ തുക പണിക്കൂലി, ചരക്കുകൂലി, ജി.എസ്.ടി. എന്നിവ ഉൾപ്പെടെയായിരിക്കണം. ടി ജോലികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബില്ലിൽ ഈ സ്ഥാപനത്തിൽനിന്നും സർട്ടിഫിക്കറ്റ് ലഭിച്ചാൽ മാത്രമേ തുക നൽകുകയുള്ളൂ. തുക മുൻകൂർ നൽകുന്നതല്ല. ജോലിയുടെ വിശദവിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

ക്വൊട്ടേഷൻ സമർപ്പിക്കേണ്ട തീയതിയും സമയവും : 19.03.2026, 1 pm
ക്വൊട്ടേഷൻ തുറക്കുന്ന സമയവും തീയതിയും : 19.03.2026, 1.30 pm
ക്വൊട്ടേഷനിലെ തുക നിലനിൽക്കുന്ന തീയതി : 30.06.2026

ക്വൊട്ടേഷൻ അയയ്ക്കേണ്ട മേൽവിലാസം : വാർഡൻ, രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാമ്പാടി, കോട്ടയം-686501

### ജോലി സബന്ധിച്ച വിവരങ്ങൾ

രണ്ട് മീറ്റർ വ്യാസവും 0.6 മീറ്റർ ഉയരവുമുള്ള 11 റിംഗുകൾ ഉപയോഗിച്ചാണ് ഭൗമോപരിതലത്തിനടിയിലായി ഈ ടാങ്ക് നിർമ്മിക്കേണ്ടത്. മാൻഹോൾ, വെൻറ് എന്നിവയുള്ള കോൺക്രീറ്റ് സ്ലാബ് മുകൾഭാഗത്തു വരേണ്ടതാണ്.വെള്ളം പുറത്തു വരാത്തവിധം റിംഗുകൾ തമ്മിലുള്ള ജോയിന്റ്സ് സീൽ ചെയ്യേണ്ടതാണ്. ആറ് ഇഞ്ച്, 10 ഗേജ് ഉള്ള 40 മീറ്റർ പി.വി.സി. പൈപ്പ് ഉപയോഗിച്ച് നിലവിലുള്ള മലിനജല പൈപ്പിലേയ്ക്ക് ഘടിപ്പിച്ച് ആനുപാതികമായ ഇൻലെറ്റ് ഔട്ട്ലെറ്റ് പൈപ്പുകൾ ലഭ്യമാക്കേണ്ടതാണ്.

ഡോ .പ്രേംസൺ .വൈ
വാർഡൻ മെൻസ് ഹോസ്റ്റൽ

WARDE
R.I.T. HOS
VELLOOR P.
KOTTAYAM-686 5.

സ്ഥലം : പാമ്പാടി
തീയതി: 05.03.2026

പകർപ്പ്
1. നോട്ടീസ് ബോർഡ്
2. കോളേജ് വെബ്സൈറ്റ്, 3. ഓഫീസ് കോപ്പി